(ഡി) കാർഷികോൽപ്പന്നങ്ങൾ വാങ്ങിക്കൊടുക്കുക, വിദ്യാഭ്യാസത്തിനു് ധനസഹായങ്ങൾ ചെയ്തുകൊടുക്കുക, സഹകരണസംഘങ്ങൾക്കും മലവർഗ്ഗക്കാരുടെ സ്ഥാപനങ്ങൾക്കും ധനസഹായങ്ങൾ ചെയ്യുക മുതലായവയാണു്.

(ഈ) പരാതിയുണ്ടു്.

(എഫ്) ഇതിലേക്കുവേണ്ട പരിഹാര നടപടികൾ അപ്പോഴപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു.

ചന്തകൾ.

* 508. [47] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിലുള്ള ചന്തകളെല്ലാം അതതു പഞ്ചായത്തുകളുടേയോ മുനിസിപ്പാലിറ്റികളുടേയോ കീഴിലാണോ പ്രവർത്തനം നടത്തുന്നതു് ;

(ബി) അവയിൽ പബ്ലിക്കു് ചന്തകൾ എത്ര, പ്രൈവറ്റ് ചന്തകൾ എത്ര ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അതത് അക്കൗണ്ടിലുള്ള എല്ലാ ചന്തകളും അതതു പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കീഴിലാണു് പ്രവർത്തനം നടത്തുന്നതു്.

(ബി) അവയിൽ 367 പബ്ലിക്കു് ചന്തകളും 722 പ്രൈവറ്റ് ചന്തകളും ഉൾപ്പെടുന്നുണ്ടു്.

ഗതാഗതദേശവൽക്കരണം.

* 509. [48] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ഈ സാമ്പത്തികവർഷത്തിൽ ഏതെങ്കിലും പുതിയ ബസ്സ് റൂട്ട് ദേശവൽക്കരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഏതെല്ലാം.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങൾ.

* 510. [49] ശ്രീ. പി. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ അല്ലാതെയുള്ള ഏതു വലിയ പാലങ്ങൾ നിർമ്മിക്കുന്നതിനു തിരുവിതാംകൂർ-കൊച്ചി രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ചു പൊതുമരാമത്തു വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടു് ;

(ബി) അവയ്ക്കു് ആകെ ഉദ്ദേശം എന്തു സംഖ്യ ചെലവാകും ;

LIBRARY ARCHIVES Kerala Legislative Assembly

(സ്) കോട്ടയം നഗരത്തിന്റെ വടക്കുകിഴക്കുള്ള ഇറഞ്ഞാൽ കടത്തുകടവിൽ ഒരു പാലം പണിയണമെന്നു കോട്ടയം സബ്ഡിവിഷൻ പി. ഡബ്ളിയു. ഡി. വർക്സ് കമ്മിറ്റി, കോട്ടയം ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മറ്റി, കോട്ടയം നഗരസഭ, വിജയപുരം പഞ്ചായത്തു് എന്നി കേന്ദ്രങ്ങളിൽനിന്നുണ്ടായിട്ടുള്ള നിർദ്ദേശം പരിഗണിച്ചു് ഇറഞ്ഞാൽ പാലം കൂടെ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ നിന്നിക്കുന്ന പാലങ്ങളുടെ ലിസ്റ്റിൽ പെടുത്തിയിട്ടുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ:)

(എ. ബി. സി.) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഏതു പാലങ്ങൾ ഏതേതു സ്ഥലത്തു് നിന്നിക്കണമെന്നു തീരുമാനിച്ചു കഴിഞ്ഞിട്ടില്ല.

സഹകരണവകുപ്പിലെ ടെയിനിംഗ് സ്കീം

* 511. [50] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിലെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരുടെ (സബോർഡിനേറ്റ് പേഴ്സനൽ) പരിശീലനത്തിനായി ഒരു ടെയിനിംഗ് സ്കീം ആരംഭിക്കുന്നതിനു് ഗവണ്മെന്റിനു് ഒരു പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ)

(എ) ടെയിനിംഗ് സ്കീം ആരംഭിക്കുന്നതിനു ഗവണ്മെന്റിനു ഒരു പദ്ധതിയുണ്ടു്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ടെയിനിംഗ് സ്കീം 1-11-1955 മുതൽ തുടങ്ങുന്നതിനു് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ടു്.

Co-operative Societies

* 512 [51] SHRI N. PARAMESWARAN PILLAI: Will the Minister for Local Self Government be pleased to state :

(a) how many multi-purpose and marketing and farming co-operative societies have been registered under the First Five Year Plan and in what places;

(b) how many have started work ?

Minister for Local Self Government. SHRI K. KOCHUKUTTAN :

(a) 36 Multi-purpose Societies, 31 Marketing Societies and 16 Farming Co-operative Societies have been registered under the First Five Year Plan. A † list showing the places where the societies are registered is placed on the table.

(b) 35 Multi-purpose Societies, 27 Marketing Societies and 15 Farming Societies have started work.

† Please See Appendix IV

LIBRARY ARCHIVES Kerala Legislative Assembly